കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പല്ലശ്ശന ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. പി കെ ഡി 18-200/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി. 12.05.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പല്ലശ്ശന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :പല്ലശ്ശന ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. പി കെ ഡി 18-200/2020 തിയതി: 12.05.2020

## പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ

ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.01.2019 മുതൽ 16.11.2109 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ. സതീശൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-11-2019 മുതൽ<br>27-11-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി. പി.ജി ബിന്ദു | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി. രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രഞ്ജിത്ത്. ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.ഗീത | 1.4.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | ശ്രീ.ഇ.ഷാജഹാൻ | 1.4.2018 മുതൽ<br>16.4.2018 വരെ |
| | ശ്രീ.സി.നാരായണൻകുട്ടി | 17.4.2018 മുതൽ |

| | | |
|---|---|---|
| | അസി.സെക്രട്ടറി (ഇൻ-ചാർജ്ജ്) | 25.4.2018 വരെ |
| | ശ്രീ.അബ്ദുൾ നാസ്സർ.വി.കെ | 26.4.2018 മുതൽ<br>30.4.2018 വരെ |
| | ശ്രീ.സി.നാരായണൻക്കുട്ടി<br>അസി.സെക്രട്ടറി (ഇൻ-ചാർജ്ജ്) | 01.5.2018 മുതൽ<br>07.07.2018 വരെ |
| | ശ്രീ.ജി.അനിൽകുമാർ | 08.7.2018 മുതൽ<br>09.8.2018 വരെ |
| | ശ്രീ.സി.എസ്.പ്രകാശ് | 10.8.2018 മുതൽ<br>14.11.2018 വരെ |
| | ശ്രീ.എസ്.മഹേഷ്കുമാർ | 15.11.2018 മുതൽ<br>14.3.2019 FNവരെ |
| | ശ്രീ.സി.നാരായണൻകുട്ടി | 14.3.2019 AN മുതൽ<br>31.3.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.റീജ.വി | 1.4.18 മുതൽ 31.3.19വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എം.രമേഷ് | 1.4.18 മുതൽ 09.1.19വരെ |
| | ശ്രീമതി.സോണി.എസ് | 10.1.2019 മുതൽ 31.3.19 വരെ |
| വി.ഇ.ഒ.(സർക്കിൾ I) | ശ്രീ.സുജേഷ് | 01.4.2018 മുതൽ 31.3.19 വരെ |
| വി.ഇ.ഒ.(സർക്കിൾ II) | ശ്രീമതി.രഹിത.എൻ | 1.4.18 മുതൽ 13.12.18 വരെ |
| | ശ്രീമതി.ഗൗരി.ടി.വി | 14.12.18 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.നിർമ്മല | 1.4.18 മുതൽ 12.7.2018 വരെ |
| | ശ്രീമതി.സത്യഭാമ.കെ.വി | 13.7.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.നൈന.സി.എം. | 1.4.18 മുതൽ 12.3.2019 FN വരെ |
| | ഡോ.ശങ്കര സുബ്രമഹ്ണ്യൻ | 12.3.2019 ANമുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ബിജി.വി | 1.4.18 മുതൽ 31.3.19 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ.എ.ഹാറൂൺ | 1.4.18 മുതൽ 31.3.19 |

| | | |
|---|---|---|
| | | വരെ |
| വെറ്ററിനറി സർജൻ | ഡോ.ദാമോദരൻ | 1.4.18 മുതൽ 06.5.18വരെ |
| | ഡോ.കണ്ണൻ | 7.518 മുതൽ 31.3.2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ്കുമാർ | 1.4.18മുതൽ 09.11.18 വരെ |
| | ശ്രീ.ജയപ്രകാശ്.സി.സി. | 10.11.2018മുൽ 21.1.2019 വരെ |
| | ശ്രീ.രശ്മി.ജെ | 22.1.19മുതൽ 31.3.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.സി.നാരായണൻകുട്ടി | 1.4.18 മുതൽ 12.3.2019 വരെ |
| | ശ്രീ.പരമേശ്വരൻ നമ്പൂതിരി.എസ്.<br>എച്ച്.സി (അസി.സെക്രട്ടറി-ഇൻ ചാർജ്ജ്) | 13.3.2019 മുതൽ 31.3.2019 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>

<u>ഭാഗം-I</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-11 |
| 12 | ഡാറ്റാ പ്യൂരിഫിക്കേഷൻ-ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിൽ മാറ്റങ്ങൾ വരുത്താത്തതിനാൽ റവന്യൂ നഷ്ടം തുടരുന്നു | 1-12 |
| 13 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13 |
| 14 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 15 | ചെലവഴിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ് | 1-15 |
| 16 | സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല | 1-16 |
| 17 | തെരുവ് വിളക്കുകളുടെ ആസ്തിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-17 |
| 18 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം നൽകുന്നതിന് വികസന ഫണ്ട് ഉപയോഗിച്ചു | 1-18 |
| 19 | ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങൽ-തൻവർഷം ജി.എസ്.ടി മാത്രം അടവാക്കി | 1-19 |
| 20 | വാഹനത്തിന്റെ ഉപയോഗം- രേഖകൾ സൂക്ഷിക്കേണ്ടതാണ് | 1-20 |
| 21 | പഞ്ചായത്ത് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 1-21 |
| 22 | അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ അധികം നല്കി-അധികം നല്കിയ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ് | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി-തുടർ നടപടികൾ ആവശ്യപ്പെടുന്നു | 1-23 |
| 24 | ആവശ്യകത വിലയിരുത്താതെ പദ്ധതി ആവിഷ്കരിച്ചു | 1-24 |
| 25 | സ്കൂൾ ബസ് അറ്റകുറ്റ പണി- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പണം ചെലവഴിച്ചു | 1-25 |
| 26 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ റിപ്പയർ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-26 |
| 27 | വ്യത്യസ്ത ആവശ്യങ്ങൾക്കായി രണ്ടു സ്ഥലങ്ങളിൽ ഒരു വാഹനം ഒരേസമയം ഉപയോഗിച്ചതായി കാണിച്ചതിന് അനുവദിച്ച തുക | 1-27 |

| | | |
|---|---|---|
| | തിരികെ ഈടാക്കേണ്ടതാണ് | |
| 28 | സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-28 |
| 29 | സമഗ്ര ശുചിത്വ പരിപാലന പദ്ധതി -നിഷ്ക്രിയവാസ്ഥയിൽ- വിശദീകരണം ആവശ്യപ്പെടുന്നു | 1-29 |
| 30 | ടി.ഡി.എസ്.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് | 1-30 |
| 31 | മരാമത്തു പ്രവൃത്തികൾ പൊതു അവലോകനം | 1-31 |
| 32 | കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല | 1-32 |
| 33 | ഇ-ടെണ്ടർ -ടെണ്ടർ ഫീസ് പഞ്ചായത്തിൽ അടവാക്കേണ്ടതാണ് | 1-33 |
| 34 | പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല | 1-34 |
| 35 | വിവിധ തുറന്ന കിണറുകളുടെ അറ്റകുറ്റപ്പണി - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-35 |
| 36 | കൂടല്ലൂർ ഹെൽത്ത് സെന്റർ അറ്റകുറ്റപ്പണി- പൊളിച്ചുമാറ്റിയ ഇനങ്ങൾ പഞ്ചായത്തിന് കൈമാറിയിട്ടില്ല | 1-36 |
| 37 | എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർണ്ണമായി ചെയ്തിട്ടില്ല | 1-37 |
| 38 | കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിന് ആസ്തി കയ്യൊഴിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-38 |

ഭാഗം-II

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഒന്നുമില്ല | |

ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വ്യത്യസ്ത ആവശ്യങ്ങൾക്കായി രണ്ടു സ്ഥലങ്ങളിൽ ഒരു വാഹനം ഒരേ സമയം ഉപയോഗിച്ചതായി കാണിച്ചതിന് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. | 3-1 |

| | ഭാഗം-IV-ഓഡിറ്റ് പ്രത്യവലോകനം | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 4-1 |

| | | |
|---|---|---|
| | നല്കിയതിന്റെ വിവരം | |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |


<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

08.02.2018 തീയതിയിലെ.1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് തീയതി – 20.03.2019

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 26.04.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9920376 |
| വരവ് | 110472024 |
| ആകെ | 120392400 |
| | |

| | |
|---|---|
| ചെലവ് | 97996833 |
| നീക്കിയിരിപ്പ് | 22395567 |

# 1-4 ഫണ്ട് വിനിയോഗം

.

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 0 | 17925000 | 17925000 | 17410601 | 514399 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 13590000 | 13590000 | 9140645 | 4449355 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 33000 | 33000 | 0 | 33000 |
| മെയിന്റനൻസ്- റോഡ് (ACR പ്രകാരം) | | 0 | 8163000 | 8163000 | 8053386 | 109614 |
| മെയിന്റനൻസ്- നോൺ-റോഡ് (ACR പ്രകാരം) | | 0 | 3610000 | 3610000 | 2831506 | 778494 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10339793 | 10339793 | 6079555 | 4260238 |
| സാക്ഷരത | | 1072 | 0 | 1072 | 0 | 1072 |
| എം.ജി. എൻ .ആർ.ഇ. ജി.എസ് | തൊഴിലാ ളികളുടെ കൂലി | | 34816375 | 34816375 | 34816375 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2069 | 641744 | 643813 | 639625 | 4188 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സംയോ ജിത ശിശു വികസന പദ്ധതി | 4734915 | 526950 | 5261865 | 2294234 | 2967631 |
| | ജലനിധി | 1599473 | 6249187 | 7848660 | 6912149 | 936511 |
| ജോയിന്റ് | ബ്ലോക്ക് പഞ്ചായത്ത് | 1944000 | 3437954 | 5381954 | 5112100 | 269854 |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 2497887 | 3703500 | 6201387 | 5644887 | 556500 |
| ബി ഫണ്ട് | | 0 | 2760160 | 2760160 | 2760160 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് - പല്ലശ്ശന കോ-ഓപ്പറേറ്റീവ് ബാങ്ക് ) | 3958258 | 4513661 | 8471919 | 2196501 | 6275418 |
| | എസ്.ബി.ടി -കറന്റ് | 420851 | 21631412 | 22052263 | 19492242 | 2560021 |
| | ട്രഷറി അക്കൗണ്ട് (ICDS കേന്ദ്രവിഹിതം ഉൾപ്പെടെ) | 2607322 | 23427110 | 26034432 | 15157947 | 10876485 |
| മറ്റിനം | PNB - പ്ലാൻ | 1139596 | 580 | 1140176 | 249822 | 890354 |
| | കാനറാ ബാങ്ക് | 0 | 18779 | 18779 | 9557 | 9222 |
| | ട്രഷറി-VPFA-1-2 | 5977 | 0 | 5977 | 0 | 5977 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 121855309 | 117 | 71106147 | - | 28 | 81 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 11392500 | 10088450 | 89 |
| വി.ഇ.ഒ | 3 | 3 | 3180000 | 2409100 | 76 |
| ലേഡി വി.ഇ.ഒ | 3 | 3 | 54960000 | 24740000 | 45 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 4101800 | 3842153 | 94 |
| സെക്രട്ടറി | 18 | 11 | 6220113 | 3360032 | 54 |
| അസിസ്റ്റന്റ് | 7 | 7 | 6224550 | 4509154 | 72 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 82 | 62 | 29446724 | 17784800 | 60 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 1928200 | 1120914 | 58 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 900000 | 900000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 1650000 | 575000 | 34.84 |
| | 9 | 9 | 1151422 | 1076544 | 94 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 700000 | 100 |
| ആകെ | 145 | 117 | 121855309 | 71106147 | 58 |

ആകെ വകയിരുത്തിയ തുകയിൽ 58% ചെലവഴിച്ചിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളിൽ 80.68% നടപ്പിലായിട്ടുണ്ട്. പഞ്ചായത്ത് ആസൂത്രണസമിതി കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിച്ച് പദ്ധതി ആസൂത്രണ രൂപീകരണ നിർവ്വഹണവേളകളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഭരണസമിതി പദ്ധതിനിർവ്വഹണം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സ്റ്റാൻഡിംങ് കമ്മിറ്റികൾ പദ്ധതി പ്രവർത്തനം നിരീക്ഷിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞാൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന നിർദ്ദേശം പാലിച്ചുകാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സിൽ പ്രൊജക്റ്റ് നിർദ്ദേശങ്ങളല്ലാതെ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖപ്പെടുത്തലുകളില്ല.

ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പുകൾ , സ്റ്റാൻഡിംഗ് കമ്മിറ്റികൾ ,ഭരണസമിതി എന്നിവർ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും നിർവ്വഹണവേളയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നടപടിക്രമങ്ങൾ സ്വീകരിച്ച് യഥാസമയം പദ്ധതി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നിർവ്വഹണാധികാരികളുടെ കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി-യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2069 | 641744 | 643813 | 639625 | 4188 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താ-കൾക്ക് നേരിട്ട് നൽകുന്നത് | | 34816375 | 34816375 | 34816375 | 0 |
| ആകെ | 2069 | 35458119 | 35460188 | 35456000 | 4188 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 95160 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 4930000 | 1195 |
| വിധവാപെൻഷൻ | 3869000 | 914 |
| വാർദ്ധക്യകാലപെൻഷൻ | 6088000 | 1436 |
| വികലാംഗപെൻഷൻ | 1012000 | 233 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 454700 | 107 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2019 തിയതിയിൽ 3.pmന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12663/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

- ഭരണസമിതി പദ്ധതി നിർവ്വഹണം, നികുതി പിരിവ് ,ഫ്രണ്ട് ഓഫീസ്, എന്നിവ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.
- പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങൽ പദ്ധതികൾ നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതല്ലാതെ വാങ്ങൽ നടപടികളുടെ ടെണ്ടറുകൾ അംഗീകരിക്കുന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തലുകളില്ല.
- ബജറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുചേർത്തതായോ പ്രപ്പോസലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ചതായോ കാണുന്നില്ല.
- ഡാറ്റാ പ്യൂരിഫിക്കേഷൻ-ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിൽ മാറ്റങ്ങൾ വരുത്താത്തതിനാൽ റവന്യൂ നഷ്ടം വരുന്നുണ്ട്.
- തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്
- 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് ഫീസ് കണക്കാക്കി ഈടാക്കേണ്ടതാണ്.
- പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വാർഡ് തിരിച്ചുള്ള കണക്ക് കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- ജി.ഒ.(എം.എസ് )170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.
- 2019-20 ൽ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുന്നത് അഭിനന്ദനാർഹമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2019 | 09/2019 | 23.10.2019 |
| അക്കൗണ്ടന്റ് | 9.7.2007 | 1997-98 | 30.08.2007 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | മുതൽ 21.7.2007 വരെ | മുതൽ 2006-07 വരെ | |

# 1-11 ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച പാലിക്കേണ്ട സമയക്രമം മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഘടകസ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുൻപ് സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും ജനുവരി 15 ന് മുൻപ് ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. ജനുവരി 22 ന് മുൻപ് സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടതും ഫെബ്രുവരി 1 ന് മുൻപ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടതും മാർച്ച് 1 ന് മുൻപ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടതുമാണ്. മാർച്ച് 7 ന് മുൻപ് കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടതും അന്തിമ ബജറ്റ് മാർച്ച് 31 ന് മുൻപ് അംഗീകരിക്കേണ്ടതുമാണ്.

ബജറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുചേർത്തതായോ പ്രപ്പോസലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ചതായോ കാണുന്നില്ല. പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് ചർച്ച ചെയ്തിട്ടുള്ളത്. 28.02.2018 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കുകയും ആയത് 08.02.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തത് എല്ലാ മേഖലയിലും ആവശ്യമായ തുക വകയിരുത്തപ്പെടാതെ പോകുന്നതിന് കാരണമാകുമെന്നതിനാൽ തുടർവർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/23.11.2019)

# 1-12 ഡാറ്റാ പ്യൂരിഫിക്കേഷൻ- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിൽ മാറ്റങ്ങൾ വരുത്താത്തതിനാൽ റവന്യൂ നഷ്ടം തുടരുന്നു

വാർഷിക വാടക മൂല്യം അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ്ബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും പഞ്ചായത്തുകൾ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയതുമൂലം സോഫ്റ്റ്വെയറിൽ തെറ്റായ ചില വിവരങ്ങൾ ഉൾപ്പെട്ടിരുന്നു. ആയത് തിരുത്തുന്നതിനായി നടപ്പിലാക്കിയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്വെയർ ഡാറ്റ പരിശോധിച്ചതിൽ അപാകതകൾ കാണുന്നു.

1. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 35 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ നിലവിലെ സോഫ്റ്റ്വെയർ ഡാറ്റ പ്രകാരം നിരക്കുവർദ്ധന പരിമിതപ്പെടുത്തിയിട്ടില്ലാത്ത 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന ഗോഡൗണുകൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിലവിലെ നികുതി നിർണ്ണയത്തിന് പരിഗണിച്ച വർദ്ധനവ്/ ഇളവ് | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയി ക്കാവുന്ന വസ്തുനികുതി | വ്യത്യാസം/ നഷ്ടം |
|---|---|---|---|---|---|---|
| 1 | 9/524 | 200 | വർദ്ധനവ്- ഇല്ല<br>ഇളവ്- 30% | 200*35=7000<br>- 30%= 2100 | 200*50=10000<br>- 30%= 3000 | 2100 |

| | | | | | | |
|---|---|---|---|---|---|---|
| | | | | BT= 4900 | BT= 7000 | |
| 2 | 14/339 | 320 | വർദ്ധനവ്- ഇല്ല<br>ഇളവ്- 40% | 320*35=11200<br>- 40%= 4480<br>BT= 6720 | 320*50=16000<br>- 40%= 6400<br>BT= 9600 | 2880 |
| 3 | 14/404 | 200 | വർദ്ധനവ്- ഇല്ല<br>ഇളവ്- 50% | 200*35=7000<br>- 50%= 3500<br>BT= 3500 | 200*50=10000<br>- 50%= 5000<br>BT= 5000 | 1500 |
| 4 | 14/461 | 500 | വർദ്ധനവ്- ഇല്ല<br>ഇളവ്- 30% | 500*35=17500<br>- 30%= 5250<br>BT= 12250 | 500*50=25000<br>- 30%= 7500<br>BT= 17500 | 5250 |
| | | | | | ആകെ | 11730 |

2. വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച മീ) | ARV പ്രകാരമുണ്ടായിരുന്ന വസ്തുനികുതി | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|---|
| 1 | 8/48 | ഷോപ്പ് | 140 | 24 | 48 |
| 2 | 8/156 | ഹോട്ടൽ | 140 | 891 | 1782 |
| 3 | 9/315 | ഷോപ്പ് | 288 | 227 | 454 |
| 4 | 9/347 | ഷോപ്പ് | 156 | 45 | 90 |
| 5 | 10/80 | ഷോപ്പ് | 120 | 35 | 70 |
| 6 | 15/226 | ഷോപ്പ് | 403 | 35 | 70 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നത് നടപടിക്രമങ്ങളിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/27.11.2019 -ന് ഡാറ്റാ പ്യൂരിഫിക്കേഷന് ശേഷവും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നതിനാൽ വീണ്ടും പ്യൂരിഫിക്കേഷന് സൗകര്യം നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി എന്ന അപാകത പൂർണ്ണമായി പരിഹരിച്ചിട്ടുണ്ടെന്നും നിരക്കുവർദ്ധന പരിമിതപ്പെടുത്തിയിട്ടില്ലാത്ത 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഗോഡൗണുകൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയത് സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തി നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കിയ ഫോറം 6 ന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ കുറ്റമറ്റതാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

<u>1.സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും പ്രൊഫഷണലുകളുടെയും വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.</u>

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 എന്നിവ പ്രകാരം ഫോറം II ൽ തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടേണ്ടതാണ്. ലഭിച്ച വിവരങ്ങൾ പ്രകാരം ചട്ടം 18(2) ന് അനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും ആയത് വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും V-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്തെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ്,

പ്രൊഫഷണലുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2.ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മൂച്ചേത്ത് സിമന്റ് ബ്രിക്സ്, പല്ലശ്ശന | 7 |
| 2 | മൂച്ചേത്ത് ഗ്രാനൈറ്റ്സ്, നീറക്കോട് | 8 |
| 3 | റാബിറ്റ് മാർക്ക് മോഡേൺ റൈസ് മിൽ | 15 |
| 4 | പല്ലാവൂർ ഹൈടെക്ക് അഗ്രോ മിൽ (പ്രൈ) ലി | 18 |
| 5 | ശ്രീ വിനായക അഗ്രോ മിൽ, ഒഴിവുപാറ | 10 |
| 6 | സെന്റ് ആന്റണീസ് റൈസ് മിൽ | 8 |

3. ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പല്ലശ്ശന ക്ഷീരോൽപാദക സഹകരണ സംഘത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

4. കള്ള് ഷോപ്പുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 8/23.11.2019 ന് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്നും തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് പ്രദേശത്തെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, വാർഡ് അടിസ്ഥാനത്തിലുടെ വ്യാപാരികളുടെ ലിസ്റ്റ്, പ്രൊഫഷണലുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.
2. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കി രശീതി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകളും കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയുടെ നടത്തിപ്പിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 139 പ്രകാരം അബ്കാരി ഷോപ്പുകളും ലൈസൻസ് പരിധിയിൽ വരുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

(സി) ലൈസൻസ് ഇല്ലാതെ കല്യാണ മണ്ഡപങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഉമാശങ്കർ കല്യാണ മണ്ഡപം, കീർത്തി കല്യാണ മണ്ഡപം എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഐശ്വര്യ ഹാൾ എന്ന കല്യാണ മണ്ഡപത്തിന് ലൈസൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് 26.02.2018 ന് എ1-689/18 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുവദിച്ചിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കല്യാണ മണ്ഡപങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ ചട്ടങ്ങൾ പാലിച്ചിട്ടില്ല

2012- ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഫോറം 2 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും ആയത് പരിശോധിച്ച് ഫോറം 3 ൽ ലൈസൻസ് നൽകേണ്ടതുമാണ്. വളർത്തുന്ന മൃഗങ്ങളുടെ എണ്ണത്തിനനുസൃതമായ തരംതിരിവും ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളും ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലക്ഷ്മി നായർ w/o നരേന്ദ്രൻ നായർ, ചേപ്പാടം, പല്ലശ്ശന എന്നവർ ഫോറം 2 ൽ ലൈസൻസ് പുതുക്കുന്നതിന് എ1-887/18 നമ്പരായി നൽകിയ അപേക്ഷയിൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത് 2012 ലെ കേ.പ.രാ (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമല്ല.

(ഇ) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

എഫ്) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം രണ്ട് സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് തുക ഈടാക്കിയിട്ടുള്ളത്.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/23.11.2019 ന് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായി ലൈസൻസ് നൽകുന്നതാണെന്നും റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ശുചിത്വ പരിപാലനം കൃത്യമല്ലാത്തതിനാലാണ് കല്യാണ മണ്ഡപങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്തതെന്നും ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നതാണെന്നും ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതാണെന്നും വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് ഈടാക്കേണ്ടതാണ്. പേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
2. റേഷൻകടകൾ, കള്ളുഷാപ്പുകൾ, കല്യാണമണ്ഡപങ്ങൾ തുടങ്ങിയവയുൾപ്പെടെ ലൈസൻസ് കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് കൂടതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. 2012- ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മാത്രം ഫാമുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.
4. ഉറവിടമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.
5. വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ചെലവഴിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ

നം. B-4 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 2018-19 പദ്ധതിയുടെ 16900/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തുക തിരിച്ചടവാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.12/25.11.2019.

# 1-16 സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ ഒക്ടോബർ 2015 വരെ നോൺബാങ്കിംഗ് ട്രഷറിയായിരുന്ന കൊല്ലങ്കോട് സബ്ട്രഷറിയിലാണ് പ്ലാൻഫണ്ടിന്റെ ഇടപാടുകൾ നടത്തിയിരുന്നത്. നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പണമായി ലഭിക്കുന്ന തുകകൾ നാഷണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിച്ചതിനുശേഷം പിന്നീട് ചെക്ക് മുഖേന നൽകുകയുമാണ് ചെയ്തിരുന്നത്. G.O.(P)177/2006/Fin,12.4.2006പ്രകാരം നോൺബാങ്കിംഗ് ട്രഷറിയുമായി ബന്ധപ്പെട്ട പ്ലാൻ അക്കൗണ്ടിൽ നീക്കിയിരിപ്പായി തുകയൊന്നും അവശേഷിക്കുവാൻ പാടുള്ളതല്ല. ട്രഷറിയിൽനിന്നും പിൻവലിക്കുന്ന തുകകൾ ഏതാവശ്യത്തിനാണോ പിൻവലിച്ചത് അതേ ആവശ്യത്തിന് മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പായി ചെലവഴിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നം. 4296000100063904-ൽ 31.3.2019-ൽ 890354/-രൂപ അവശേഷിക്കുന്നുണ്ട്.

നീക്കിയിരിപ്പുള്ള തുക ഏതെല്ലാം പദ്ധതികൾക്ക് ലഭ്യമായതാണെന്നോ ഏത് വർഷം ലഭ്യമായതാണെന്നോ വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ പ്ലാൻഫണ്ടിൽനിന്നും പിൻവലിച്ചതും ചെലവഴിക്കാത്തതുമായ തുകകൾ ഏതെല്ലാം പദ്ധതികൾക്കായി പിൻവലിച്ചതാണെന്നുള്ള കൃത്യമായ വിവരം കണ്ടെത്തി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായിരുന്നിട്ടും നാളിതുവരെയായും നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് (15/27.11.19) മറുപടിയിൽ തുകകൾ തിരിച്ചടവാക്കി ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-17 തെരുവ് വിളക്കുകളുടെ ആസ്തിരജിസ്റ്റർ തയ്യാറാക്കി

# സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വാർഡ് തിരിച്ചുള്ള കണക്ക് കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇത്തരം ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി യുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-18 ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം നൽകുന്നതിന് വികസന ഫണ്ട് ഉപയോഗിച്ചു.

a.പ്രൊജക്ട് - ടെക്നിക്കൽ അസിസ്റ്റന്റ് വേതനം(2/19)

അടങ്കൽ - 252000 (വികസന ഫണ്ട് - ജനറൽ)

ചെലവ് – 252000

b. പ്രൊജക്ട് - ടെക്നിക്കൽ അസിസ്റ്റന്റ് വേതനം(109/19)

അടങ്കൽ - 30000 (വികസന ഫണ്ട് - ജനറൽ)

ചെലവ് – 30000

പ്ലാൻഫണ്ട് പ്രോജക്റ്റ് പ്രകാരമാണ് ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം നൽകിയിരിക്കുന്നത് .

സ.ഉ (സാധാ)നം.756/17/ത.സ്വ.ഭ.വ തിയതി 18-3-17 പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 1-4-2017 മുതൽ 31-3-2018 വരെ ദീർഘിപ്പിച്ചു നൽകുകയും വേതനം തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ തുടർച്ചയായി സ.ഉ (സാധാ)നം.571/18/ത.സ്വ.ഭ.വ തിയതി 27-2-18 പ്രകാരം കാലാവധി 1-4-2018 മുതൽ 31-3-2019 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമ പഞ്ചായത്തിന്റെ മറുപടി – പ്ലാൻഫണ്ടിൽ നിന്ന് വകയിരുത്താൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 2019-20 വർഷത്തിൽ ഇത്തരം പദ്ധതികൾ തനത് ഫണ്ടിൽ നിന്ന് മാത്രമാണ് ആവിഷ്കരിച്ചിട്ടുള്ള് എന്നാണ്.

തനത് ഫണ്ട് കുറവായ ഗ്രാമപഞ്ചായത്തിന് ആവശ്യമെങ്കിൽ മെയ്ന്റനൻസ് ഗ്രാന്റിന്റെ 10% ൽ നിന്നും ഇത്തരം ആവശ്യങ്ങൾക്കായി തുക വകയിരുത്തുവാൻ സർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിച്ചിട്ടില്ല. വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്

# 1-19 ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങൽ-തൻവർഷം ജി.എസ്.ടി മാത്രം അടവാക്കി

ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങൽ പദ്ധതി (157/19) പ്രകാരം 100000/- രൂപ തനത് ഫണ്ട് വകയിരുത്തിയെങ്കിലും തൻ വർഷം ചെലവില്ല. എന്നാൽ (വൗച്ചർനം.21801084/30.3.2019 പ്രകാരം 10,437/- രൂപ വാഹനം വാങ്ങിയതിന് GST എന്ന പേരിൽ അടവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (11/25.11.19) മറുപടി വാഹനത്തിന്റെയും, ജി.എസ്.റ്റി യുടെയും ബിൽ മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചിരുന്നു എങ്കിലും ജി.എസ്.റ്റി ബിൽ പാസ്സാവുകയും വാഹനത്തിന്റെ ബിൽ വലിയ തുകയായതുകൊണ്ട് ട്രഷറി നിയന്ത്രണത്തിൽ ഉൾപ്പെട്ടതുകാരണം മാറിയിരുന്നില്ല എന്നാണ്. 2019-20 വർഷമാണ് ബിൽ മാറിയത് .

# 1-20 വാഹനത്തിന്റെ ഉപയോഗം- രേഖകൾ സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് വാഹനത്തിന്റെ (KL-9V-8777) ഉപയോഗവുമായി ബന്ധപ്പെട്ട് ലോഗ് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത് ലോഗ് ബുക്കിൽ ഫുവൽ അക്കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

a.ലോഗ് ബുക്ക്

b.പെട്രോൾ/ഡീസൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

c.റിപ്പയർ രജിസ്റ്റർ

d.ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ

e. സ്റ്റോക്ക് രജിസ്റ്റർ

# 1-21 പഞ്ചായത്ത് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

പദ്ധതി - പഞ്ചായത്ത് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ(6/19)

അടങ്കൽ – 1400000-(പ്ലാൻ ഫണ്ട് – 242200+തനത് ഫണ്ട് -1157800)

ചെലവ് - 772323(own fund)- അഡ്വാൻസ് -(വൗച്ചർ നം.21800869/11.2.2019)

പ്ലാൻ ഫണ്ട് 242200/- രൂപ തൻ വർഷം ബിൽ മാറിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണത്തിനായി നിലവിലെ മീറ്റിംഗ് ഹാൾ റെക്കാർഡ് റൂം ആക്കി മാറ്റുന്നതിന് റബ്കോയിൽ നിന്ന് ലഭ്യമായ എസ്റ്റിമേറ്റ് തുകയ്ക്ക് പ്രവർത്തി നടത്തുന്നതിന് റബ്കോയുമായി കരാർ വെയ്ക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 29.12.2018 ലെ 6(3) നമ്പർ തീരുമാനിക്കുകയും 31.01.2019 ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റിൽ പറയുന്നത് എഗ്രിമെന്റ് തീയതി മുതൽ 120 ദിവസത്തിനകം സപ്ലൈ ചെയ്യുന്ന എന്നാണ്. റബ്കോ (RUBCO/FUR/QTN/2018-19/571/17.11.2018) 1014523/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട് (Record Room, Meeting Hall,Office cabin എന്നിവ ഉൾപ്പെടെ).

റബ്കോയ്ക്ക് തൻവർഷം 772323/- രൂപ തനത് ഫണ്ട് അഡ്വാൻസ് (വൗച്ചർ നം.21800869/11.2.2019) നൽകി ബാക്കി 242200/- രൂപ പ്ലാൻ ഫണ്ട് 242200/- രൂപ തൻ വർഷം ക്യൂബില്ലായതിനാൽ അടുത്ത സാമ്പത്തിക വർഷമാണ് നൽകിയിരിക്കുന്നത്. പ്രവൃത്തി മെയ് 2019ന് പൂർത്തീകരിച്ചിരിച്ച് 2019-20 നാണ് പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുന്നത്.

# 1-22 അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ അധികം നല്കി-അധികം നല്കിയ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്

പ്രോജക്ട്-155/19-കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നല്കൽ

അടങ്കൽ-55000 ( എം.ജി.നോൺ റോഡ്)

ബിൽ നം.11/22.3.19=55000

ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ 4 ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് നിരക്ക് ക്വോട്ട് ചെയ്ത FOREVER COMPUTERS,KODUVAYUR എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (Rs.52800) ( Desk Top System Rs-39900+Copier Rs-13500 ) 28.2.19 ലെ 9 (2) നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.എന്നാൽ രണ്ടാമത് കുറവ് ക്വോട്ട് ചെയ്ത (രൂപ 54800/- Dell Desk Top Rs-40300+Copier Rs-14500)PLANET COMPUTERS, PALAKKAD എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് വഴി 55000/- രൂപ (Acount No.35763025207)

നല്കിയിരിക്കുന്നു.അധികം നല്കിയ 2200/- രൂപയുടെ ( 55000-52800) ചെലവിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നത് FOREVER COMPUTERS എന്ന സ്ഥാപനത്തിന്റേതും എന്നാൽ വാങ്ങിയിരിക്കുന്നത് വേറൊരു സ്ഥാപനത്തിൽ നിന്നും-PLANET COMPUTERS .വാങ്ങിയ സ്ഥാപനത്തിന്റ ക്വട്ടേഷൻ നിരക്ക് രൂപ 54800/-.എന്നാൽ പ്രസ്തുത സ്ഥാപനത്തിന് നല്കിയ തുക 55000/-

2.പദ്ധതി നടത്തിപ്പിന് ഒരേ സ്ഥാപനത്തിൽ നിന്നും രണ്ട് ക്വട്ടേഷനുകൾ സ്വീകരിച്ചിരിക്കുന്നു.PLANET COMPUTERS,PALAKKAD ന്റെ 19.2.19 ലെ 54800/- രൂപയുടെ ക്വട്ടേഷനും 19.3.19 ലെ 57800/- രൂപയുടെ ക്വട്ടേഷനും

3.PLANET COMPUTERS ൽ നിന്നും വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ അടങ്ങിയ PROFORMA INVOICE ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4.വാങ്ങിയ കമ്പ്യൂട്ടറിന്റേയും മറ്റ് ഉപകരണങ്ങളുടേയും ഗുണനിലവാരം സാങ്കേതിക വിദഗ്ധനെ കൊണ്ട് തിട്ടപ്പെടുത്തിയതിന് രേഖകൾ ഇല്ല.

5.പർച്ചേസിംഗ് കമ്മറ്റി കൂടി വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളേ കുറിച്ചോ വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരത്തെകുറിച്ചോ യാതൊരു തീരുമാനങ്ങളും ഇല്ല.
6. അധികം നല്കിയ 2200/- രൂപ ഈടാക്കി തിരികെ അടവാക്കേണ്ടതാണ്.

# 1-23 ലൈഫ് ഭവന പദ്ധതി-തുടർ നടപടികൾ ആവശ്യപ്പെടുന്നു

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ

- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 214 ഉം എസ്.സി വിഭാഗത്തിൽ 17 ഉം പേരുമാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 122 (ജനറൽ 116+എസ്.സി 6 ) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം 2 പദ്ധതികളാണ് തൻവർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയത്.നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

a) ലൈഫ് മിഷൻ ഭവന പദ്ധതി - (105/19)-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-I

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 5040000 | 5040000 |
| ബ്ലോക്ക് പഞ്ചായത്ത് | 911050 | 880000 |
| ജില്ലാ പഞ്ചായത്ത് | 1089962 | 1040000 |
| മറ്റിനം(വായ്പ്പ) | 47746988 | 17640000 |
| തനത് ഫണ്ട് | 12000 | 0 |
| ആകെ | 54800000 | 24600000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 112 | 40000 | 4480000 |
| II | 112 | 160000 | 17920000 |
| III | 26 | 1. 14* 60000<br>2. 12*100000<br>3.1*160000 | 2200000 |
| | | | |
| ആകെ | | | 24600000 |

2019-20 വർഷത്തിൽ 71 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (106/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-II

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 2078096 | 1780000 |
| ബ്ലോക്ക് പഞ്ചായത്ത് | 221904 | 0 |
| | | |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | 0 |
| മറ്റുള്ളവ | 0 | 0 |
| ആകെ | 2400000 | 1780000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 6 | 40000 | 240000 |
| II | 5 | 160000 | 800000 |
| III | 5 | 1. 4* 160000<br>2. 1*100000 | 740000 |
| ആകെ | | | 1780000 |

ആകെയുള്ള 6ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കൾ മാത്രമാണ് 2019-20 വർഷത്തിൽ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 18048832/-- രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ കൊല്ലങ്കോട് ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ നിന്നും 17640000വിതരണം ചെയ്തിട്ടുണ്ട്.ബാക്കി തുക 408832/- രൂപ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. എന്നാൽ 2019-20 വർഷത്തിൽ സർക്കാർ വിഹിതമായി 6800000/- രൂപ വിവിധ ഗഡുക്കളായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളതിൽ ( SBI,Chittur A/c No.67387822252 ) 6800000/- രൂപ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഒന്നാം ഗഡു ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭനപദ്ധതി ഫേസ് II പ്രകാരം ഒന്നാം ഗഡു ധനസഹായം കൈപ്പറ്റിയ പാറുകുട്ടി.കെ,w/oപഴനിമല,മനക്കൽ വീട് തല്ലമന്ദം എന്ന ഗുണഭോക്താവ് ട്രഷറി ബിൽ നം.3/25.9.18 പ്രകാരം പിൻവലിച്ച 40000/- രൂപ അക്കൗണ്ട് ട്രാൻസ്ഫറായി തുക കൈപ്പറ്റിയിട്ടുണ്ട്.ഗുണഭോക്താവുമായി ഗ്രമപഞ്ചായത്ത് ചമച്ച എഗ്രിമെന്റ് വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ടിയാരി 40000/- രൂപ ആദ്യ ഗഡു കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.ഗുണഭോക്താവിന്റെ പ്രസ്തുത സ്ഥലം 20.11.19 ന് ഫീൽഡ് വിസിറ്റ് നടത്തിയതിൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും പ്രസ്തുത സ്ഥലം നിലവിൽ കാട് പിടിച്ച് കിടക്കുന്നതായും ബോധ്യപ്പെട്ടു.ചിത്രം താഴെ കൊടുക്കുന്നു.ഭവന നിർമ്മാണം ആരംഭിക്കാത്തപക്ഷം കൈപ്പറ്റിയ തുക കരാർ വ്യവസ്ഥ 3 പ്രകാരം 12% പലിശ നിരക്കിൽ ഈടാക്കേണ്ടതാണ്.



<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവനം കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-24 ആവശ്യകത വിലയിരുത്താതെ പദ്ധതി ആവിഷ്കരിച്ചു

പദ്ധതി - അംഗീകൃത ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം(86/19)

അടങ്കൽ - 210000(52287- പ്ലാൻ ജനറൽ ) +(157713-തനത് ഫണ്ട് )

ചെലവ് - 33490 (ട്രഷറി ബിൽ നമ്പർ.61/21.3.19)

നിർവഹണം - സെക്രട്ടറി

പദ്ധതി പ്രകാരം ഒരു യൂണിറ്റിന്(സ്പോർട്സ് കിറ്റിന്)15000/- നിരക്കിൽ 14 എണ്ണത്തിനാണ് അടങ്കൽ വച്ചിട്ടുണ്ടായിരുന്നത്. എന്നാൽ ഒരു യൂണിറ്റിന് അനുവദിക്കാവുന്നത് പരമാവധി 5000/- രൂപ മാത്രമാണ്(സ.ഉ(സാധാ)നം.811/2018/ തസ്വഭവ തിയതി 26.3.2018). സബ്സിഡി മാനദണ്ഡങ്ങൾ പരിഗണിക്കാതെയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ആകെ 8 ക്ലബുകൾക്കാണ് സ്പോർട്ട്സ് ഉപകരണങ്ങൾ നൽകിയിരിക്കുന്നത് . പഞ്ചായത്ത് പരിധിയിലുള്ള രജിസ്റ്റർ ചെയ്ത ക്ലബുകളുടെ എണ്ണം കണക്കാക്കി ആയതു പ്രകാരം അപേക്ഷ സ്വീകരിച്ച് അംഗീകരിച്ച ലിസ്റ്റ് ഉണ്ടാക്കി പദ്ധതി അടങ്കൽ കണക്കാക്കി പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ആവശ്യകത വിലയിരുത്താതെ പദ്ധതി ആവിഷ്കരിച്ചതിനാൽ അടങ്കൽ തുകയുടെ 16% മാത്രമാണ് പദ്ധതി ചെലവ്.

പദ്ധതികളുടെ രൂപീകരണ-നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങളിലെ പോരായ്മകളിലേക്കും ആയത് പരിഹരിച്ചുകൊണ്ട് വരും വർഷങ്ങളിലെ പദ്ധതി നടത്തിപ്പ് ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയിലേക്കും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 സ്കൂൾ ബസ് അറ്റകുറ്റ പണി- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പണം ചെലവഴിച്ചു

പ്രോജക്ട് നം: SO 112/18-19

നിർവഹണം: ഹെഡ്മാസ്റ്റർ

പ്രോജക്ടിന്റെ പേര്: സർക്കാർ സ്കൂൾ ബസ് ഇൻഷ്വറൻസ്, ടാക്സ്, അറ്റകുറ്റ പണി

അടങ്കൽ : 11780/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 11780/-

ട്രഷറി ബിൽ നം: 5/18-19 തി 30.05.2018

മേൽ പ്രോജക്ട് പ്രകാരം സ്കൂൾ ബസ് റിപ്പയറിനായി 11780/- രൂപ കാർ പോർട്ട് ഓട്ടോ ഗാര്യേജ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം. 67020410358/SBIN0010177). സ.ഉ(കൈ)നം.22/2018/തസ്വഭവ തി, 14.02.2018 പ്രകാരമുള്ള 2018-19 വർഷത്തേക്കുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.9 ൽ സ്കൂളുകളിൽ MLASDF/MPLAD മുഖേനയും മറ്റു രീതികളിലും ആർജ്ജിച്ചിട്ടുള്ള ബസ്സുകളുടെ ഡ്രൈവറുടെ ശമ്പളം, ഇന്ധനചെലവ്, മറ്റ് ആവർത്തന ചെലവുകൾ എന്നിവയ്ക്ക് തദ്ദേശ സ്ഥാപനം തുക ചെലവഴിക്കുവാൻ പാടുള്ളതല്ല. സ്കൂൾവാഹനം MLASDF ൽ നിന്നായതിനാൽ തുക ചെലവഴിച്ചിട്ടുള്ളത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/27.11.2019 ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായതിനാലും 2017-18 സാമ്പത്തിക വർഷം നടത്തിയ ചിലവിന്റെ ബിൽ മാറുന്നതിനും വേണ്ടി മാത്രമാണ് പ്രോജക്ട് തയ്യാറാക്കിയതെന്നും തൻവർഷം ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ലെന്നും സ്ഥാപനം അറിയിച്ചിട്ടുണ്ട്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ റിപ്പയർ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

നിർവഹണം: ഹെഡ്മാസ്റ്റർ

പ്രോജക്ട് നം: SO 100/18-19

പ്രോജക്ടിന്റെ പേര്: സർക്കാർ സ്കൂൾ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ റിപ്പയർ

അടങ്കൽ : 35000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് : 34750/-

ട്രഷറി ബിൽ നം: 16/18-19 തി 23.03.2019

മേൽ പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സ്കൂളിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ റിപ്പയർ എന്നുമാത്രമാണ് ടെണ്ടർ നോട്ടീസിൽ കാണിച്ചിട്ടുള്ളത്. മെയിന്റനൻസ് ചെയ്യേണ്ട ഉപകരണങ്ങളെ സംബന്ധിച്ച വിവരമോ മെയിന്റനൻസ് ആവശ്യമായ കാലയളവോ പ്രതിപാദിച്ചിട്ടില്ല. രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചത്. ഐടി വിഷൻ കൊല്ലങ്കോട് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ അനുവദിച്ചിട്ടുള്ളത്. സമർപ്പിക്കപ്പെട്ട ടെണ്ടർ ഫോറത്തിൽ മാത്രമാണ് 8 കമ്പ്യൂട്ടറുകൾക്കും 1 ലേസർ പ്രിന്ററിനും 3 യുപിഎസിനുമാണ് എഎംസി എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. എഎംസി നൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. ആവശ്യകത വിലയിരുത്തിയിട്ടില്ല.

ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനക്ഷമമാണെങ്കിലും കൂട്ടിയിട്ട രീതിയിലാണ് കാണുവാൻ കഴിഞ്ഞത്.

<u>ഓഡിറ്റ് നിർദ്ദേശം</u>

നടപടിക്രമങ്ങളിലെ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കമ്പ്യൂട്ടറുകൾ പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

# 1-27 വ്യത്യസ്ത ആവശ്യങ്ങൾക്കായി രണ്ടു സ്ഥലങ്ങളിൽ ഒരു വാഹനം ഒരേസമയം ഉപയോഗിച്ചതായി കാണിച്ചതിന് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ, പിഎച്ച്സി നിർവഹണം നടത്തിയ പദ്ധതികൾക്കെല്ലാം ഉപയോഗിച്ചിരിക്കുന്നത് ശ്രീ.സുനിൽകുമാർ എന്നവരുടെ ഉടമസ്ഥതയിലുള്ള KL-49-A-8151, KL-9-AA-164 എന്നീ വാഹനങ്ങളാണ്. ഒരു വാഹനം ഒരേസമയം വ്യത്യസ്ത ആവശ്യങ്ങൾക്കായി വിവിധ സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതായി ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തി നൽകിയിട്ടും വാടകയിനത്തിൽ തുക അനുവദിച്ചിരിക്കുന്നു.

I). KL-49-A-8151 എന്ന വാഹനത്തിനാണ് 2018-19 വർഷം പാലിയേറ്റീവ് ഹോം കെയർ വാഹനമായി ഉപയോഗിക്കുന്നതിനുള്ള ക്വട്ടേഷൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി വാഹനം

പാലിയേറ്റീവ് കെയറിനായും പകർച്ചവ്യാധി രോഗ നിയന്ത്രണ പദ്ധതിയുടെ ആവശ്യങ്ങൾക്കായും പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ ഒരേ ദിവസം ഒരേ സമയം ഉപയോഗിച്ചിരിക്കുന്നു.

| വാഹനം ഓടിയ തിയ്യതികൾ | 65/19- പാലിയേറ്റീവ് കെയർ പദ്ധതി | | | 71/19- പകർച്ചവ്യാധി രോഗ നിയന്ത്രണം | | |
|---|---|---|---|---|---|---|
| | ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ ദൂരം/ സമയം (ഹാൾട്ട് ഉൾപ്പെടെ) | നൽകിയ വാഹന വാടക | ബിൽ നം./ തിയ്യതി/ തുക | ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ ദൂരം/ സമയം (ഹാൾട്ട് ഉൾപ്പെടെ) | നൽകിയ വാഹന വാടക | ബിൽ നം./ തിയ്യതി/ തുക |
| 30.07.18 | 18 km/ 10 hrs | 800 | 3/18-19 14.09.18 ₹ 62100 | 85 km/ 9 hrs | 2000 | 14/18-19 4.2.19 ₹29723 |
| 09.08.18 | 20 km/ 10 hrs | 800 | 3/18-19 14.09.18 ₹ 62100 | 110 km/ 8 hrs | 2000 | 14/18-19 4.2.19 ₹29723 |
| 30.01.19 | 21 km/ 12 hrs | 800 | 15/18-19 22.02.19 ₹ 30300 | 80 km/ 9 hrs | 2000 | 16/18-19 22.02.19 ₹14450 |
| അധികം അനുവദിച്ച തുക | | | | | ₹ 6000 | |

പാലിയേറ്റീവ് കെയർ വാഹനമായി 10-12 മണിക്കൂർ ഓടിയതായി ട്രിപ്ഷീറ്റിൽ കാണിച്ചിട്ടുള്ള വാഹനം അതേ ദിവസം വീണ്ടും 8-9 മണിക്കൂർ പകർച്ചവ്യാധി നിയന്ത്രണത്തിനായി ഓടിയതായി കാണിച്ച് ട്രിപ്പ് ഷീറ്റ് സമർപ്പിച്ചിട്ടും ₹ 6000 അനുവദിച്ചിരിക്കുന്നു

II). KL-9-AA-164 എന്ന വാഹനം മാനസിക ആരോഗ്യ പരിരക്ഷ എന്ന പദ്ധതിയിൽ മാനസിക വൈകല്യമുള്ളവരെ ഡേ കെയർ സെന്ററിൽ എത്തിക്കാനുള്ള വാഹനമായും

ഫീൽഡ് പ്രതിരോധ കുത്തിവെയ്പ്പുകൾക്കുള്ള വാഹനമായും വിവിധ സ്ഥലങ്ങളിൽ ഒരേ സമയം ഉപയോഗിച്ചിരിക്കുന്നു.

| വാഹനം ഓടിയ തിയ്യതികൾ | 67/19- മാനസിക ആരോഗ്യ പരിരക്ഷ | | | 69/19- ഫീൽഡ് പ്രതിരോധ കുത്തിവെയ്പ്പുകൾക്ക് വാഹന വാടക | | |
|---|---|---|---|---|---|---|
| | ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ ദൂരം/ സമയം (ഹാൾട്ട് ഉൾപ്പെടെ) | നൽകിയ വാഹന വാടക | ബിൽ നം./ തിയ്യതി/ തുക | ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ ദൂരം/ സമയം (ഹാൾട്ട് ഉൾപ്പെടെ) | നൽകിയ വാഹന വാടക | ബിൽ നം./ തിയ്യതി/ തുക |
| 20.04.18 | 47 km/ 5 hrs | 800 | 02/18-19/23.07.18 ₹ 132365 | 40 km/ 7 hrs | 800 | 04/18-19/14.09.18 ₹20000 |
| 11.05.18 | 47 km/ 5 hrs | 800 | 02/18-19/23.07.18 ₹ 132365 | 30 km/ 7 hrs | 800 | 04/18-19/14.09.18 ₹20000 |
| 08.06.18 | 47 km/ 5 hrs | 800 | 02/18-19/23.07.18 ₹ 132365 | 30 km/ 7 hrs | 800 | 04/18-19/14.09.18 ₹20000 |
| 22.06.18 | 47 km/ 5 hrs | 800 | 02/18-19/23.07.18 ₹ 132365 | 35 km/ 7 hrs | 800 | 04/18-19/14.09.18 ₹20000 |
| 15.01.19 | 47 km/ 5 hrs | 800 | 20/18-19/13.3.19 ₹ 51170 | 30 km/ 7 hrs | 800 | 18/18-19/13.3.19 ₹8000 |
| 18.01.19 | 47 km/ 5 hrs | 800 | 20/18-19/13.3.19 ₹ 51170 | 40 km/ 7 hrs | 800 | 18/18-19/13.3.19 ₹8000 |
| 15.02.19 | 47 km/ 5 hrs | 800 | 20/18-19/13.3.19 ₹ 51170 | 30 km/ 7 hrs | 800 | 18/18-19/13.3.19 ₹8000 |
| അധികം അനുവദിച്ച തുക | | | | | ₹ 5600 | |

മാനസിക ആരോഗ്യ പരിരക്ഷ പദ്ധതിയുടെ ഭാഗമായി രാവിലെ 10 മണിക്ക് മുൻപായും വൈകീട്ട് 3.30 മുതലുമാണ് വാഹനം ഉപയോഗിക്കേണ്ടത്. 10 മുതൽ 3.30 PM വരെയുള്ള സമയദൈർഘ്യം 5.30 മണിക്കൂർ ആണെന്നിരിക്കെ 7 മണിക്കൂറിൽ 30-40 കി മീ സഞ്ചരിച്ചെന്ന് രേഖപ്പെടുത്തി ട്രിപ്പ് ഷീറ്റ് സമർപ്പിച്ചത് പ്രകാരം ₹ 5600 അനുവദിച്ചിരിക്കുന്നു.

III). KL-9-AA-164 എന്ന വാഹനം മാനസിക ആരോഗ്യ പരിരക്ഷ എന്ന പദ്ധതിയിൽ മാനസിക വൈകല്യമുള്ളവരെ ഡേ കെയർ സെന്ററിൽ എത്തിക്കാനുള്ള വാഹനമായും പകർച്ചവ്യാധി രോഗ നിയന്ത്രണ പരിപാടിക്കുള്ള വാഹനമായും വിവിധ സ്ഥലങ്ങളിൽ ഒരേ സമയം ഉപയോഗിച്ചിരിക്കുന്നു.

| വാഹനം ഓടിയ തിയ്യതികൾ | 67/19- മാനസിക ആരോഗ്യ പരിരക്ഷ | | | 71/19- പകർച്ചവ്യാധി രോഗ നിയന്ത്രണം | | |
|---|---|---|---|---|---|---|
| | ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ ദൂരം/ സമയം (ഹാൾട്ട് ഉൾപ്പെടെ) | നൽകിയ വാഹന വാടക | ബിൽ നം./ തിയ്യതി/ തുക | ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ ദൂരം/ സമയം (ഹാൾട്ട് ഉൾപ്പെടെ) | നൽകിയ വാഹന വാടക | ബിൽ നം./ തിയ്യതി/ തുക |
| 25.05.18 | 47 km/ 5 hrs | 800 | 02/18-19/23.07.18 ₹132365 | 65 km/ 7 hrs | 1500 | 14/18-19 4.2.19 ₹29723 |
| 08.03.19 | 47 km/ 5 hrs | 800 | 23/18-19/27.03.19 ₹23558 | 115 km/ 8hrs | 2000 | 24/18-19 27.3.19 ₹28598 |
| അധികം അനുവദിച്ച തുക | | | | | ₹ 3500 | |

മാനസിക ആരോഗ്യ പരിരക്ഷ പദ്ധതിയുടെ ഭാഗമായി രാവിലെ 8 മുതൽ 10 മണിവരെയും വൈകീട്ട് 3.30 മുതൽ 5.30 വരെയുമാണ് വാഹനം ഉപയോഗിക്കുന്നതെന്നതിനാൽ 10-5.30 വരെയുള്ള 5.30 hrs സമയത്തു മാത്രമേ മറ്റ് പ്രവർത്തനങ്ങൾക്കായി വാഹനം ഉപയോഗിക്കാനാവൂ. 25.08.18 -ന് 7 മണിക്കൂറും 08.03.2019 -ന് 8 മണിക്കൂറും വാഹനം ഓടിയതായി ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടും ₹ 3500 അനുവദിച്ചിരിക്കുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 3/20.11.2019 -ന് ചുവടെ ചേർത്ത പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1. പകർച്ചവ്യാധി നിയന്ത്രണത്തിനായി 30.07.2019, 09.08.2019, 30.01.2019 എന്നീ തീയതികളിലെ ട്രിപ്പ് ഷീറ്റ് സമർപ്പിക്കുന്ന സമയത്ത് വാഹനത്തിന്റെ നമ്പർ മാറി എഴുതിയതാണ്. യഥാർത്ഥത്തിൽ KL-09-AA-164 നമ്പർ വാഹനമാണ് ഉപയോഗിച്ചിരുന്നത്.

2. മാനസിക ആരോഗ്യ പരിരക്ഷ പദ്ധതിയുടെ ഭാഗമായി രാവിലെ 8 മുതൽ 10 മണിവരെയും വൈകീട്ട് 3.30 മുതൽ 5.30 വരെയും വാഹനം ഉപയോഗിക്കുന്നു. എന്നാൽ ഫീൽഡ് പ്രതിരോധ കുത്തിവെയ്പ്പിനായി വാഹനം ഉപയോഗിക്കുന്നത് രാവിലെ 10 മണി മുതൽ 2 മണി വരെയാണ്.
3. പകർച്ചവ്യാധി നിയന്ത്രണ പദ്ധതിയുടെ ഭാഗമായി രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ വാഹനം ഉപയോഗിക്കുന്നു. എന്നാൽ മാനസിക ആരോഗ്യ പരിരക്ഷ പദ്ധതിയുടെ ഭാഗമായി രാവിലെ 8 മുതൽ 10 മണിവരെയും വൈകീട്ട് 3.30 മുതൽ 5.30 വരെയും വാഹനം ഉപയോഗിക്കുന്നു.

താഴെ പറയുന്ന കാരണങ്ങളാൽ മേൽ മറുപടി അംഗീകരിക്കാനാവുന്നതല്ല.

- ട്രിപ്പ് ഷീറ്റ് പ്രകാരം പകർച്ചവ്യാധി രോഗ നിയന്ത്രണത്തിനായി 7 ദിവസം KL-09-AA-164 നമ്പർ വാഹനവും 8 ദിവസം KL-49-A-8151 എന്ന വാഹനവുമാണ് ഉപയോഗിച്ചിട്ടുള്ളത്. KL-49-A-8151 എന്നത് പാലിയേറ്റീവ് ഹോം കെയർ വാഹനം കൂടിയാണ്. പാലിയേറ്റീവ് ഹോം കെയറിനും പകർച്ചാ വ്യാധി രോഗനിയന്ത്രണത്തിലും ഉപയോഗിച്ച വാഹനങ്ങളുടെ ഡ്രൈവർ ഒരാൾ തന്നെയാണെന്നത് ട്രിപ്പ് ഷീറ്റിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ വാഹന നമ്പർ മാറി എഴുതി എന്ന മറുപടി സ്വീകാര്യമല്ല.

- ഫീൽഡ് പ്രതിരോധ കുത്തിവെയ്പ്പിനായി വാഹനം ഉപയോഗിച്ചത് 7 മണിക്കൂറാണെന്നാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ രാവിലെ 10 മണി മുതൽ 2 മണി വരെയാണ് ഉപയോഗിച്ചതെന്ന മറുപടി അംഗീകരിക്കാനാവുന്നതല്ല.

- പകർച്ചവ്യാധി നിയന്ത്രണത്തിന് 7-8 മണിക്കൂർ വാഹനം ഉപയോഗിച്ചതായാണ് ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ 10 AM-3.30 PM (5.30 hrs) സമയത്ത് വാഹനം ഉപയോഗിച്ചു എന്ന മറുപടിയും അംഗീകരിക്കാൻ കഴിയുന്നതല്ല.

ആകെ അധികം നൽകിയ തുക ₹14600/- നിരാകരിക്കുന്നു. തുക ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നോ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഈ ഖണ്ഡിക സർചാർജിന് പരിഗണിക്കേണ്ടതായതിനാൽ ഭാഗം-3 ൽ 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.)

# 1-28 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം

സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 65/2019, പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5,80,000/- (പ്ലാൻ ഫണ്ട് -ജനറൽ) | 488070/- |

പ്രോജക്റ്റ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 19.01.2019 -ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.
2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ മാസവും അവലോകനയോഗങ്ങൾ കൂടേണ്ടതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം 09/2018, 01/2019, 02/2019 എന്നീ മാസങ്ങളിൽ അവലോകന യോഗങ്ങൾ ചേർന്നിട്ടില്ല.
3. മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.
4. ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
5. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള ഹോം കെയർ വാഹനം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് നൽകേണ്ടതാണെന്നും ക്വട്ടേഷൻ പിഎംസി അംഗീകരിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

22.09.2018 -ലെ നോട്ടീസ് പ്രകാരം ലഭിച്ച രണ്ട് ക്വട്ടേഷനുകളിൽ വ്യക്തികളുടെ പേര് വ്യത്യസ്ഥമാണെങ്കിലും രണ്ട് വാഹനങ്ങളുടെയും ഉടമ ഒരാൾ തന്നെ ആയിരുന്നിട്ടും ക്വട്ടേഷൻ അനുവദിച്ചത് നിയമപരമല്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 02/20.11.2019 -ന് അവലോകന യോഗങ്ങൾ കൃത്യമായി ചേരാറുണ്ടെന്നും ആയതിൽ പിഎംസിയിലെ അംഗങ്ങൾ സന്നിഹിതരാവാറുണ്ടെന്നും പ്രതിമാസ അവലോകന റിപ്പോർട്ട്, വരവുചെലവ് കണക്കുകൾ എന്നിവ അവലോകന യോഗത്തിൽ അവതരിപ്പിക്കാറുണ്ടെന്നും ഹോംകെയർ വാഹനത്തിന്റെ ക്വട്ടേഷൻ നടപടികളിലെ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പി.എം.സി, പി.ഐ.സിയുടെ എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

2. പദ്ധതിക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. മാർഗ്ഗരേഖയിൽ വാഹനം ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്വട്ടേഷൻ നടപടികളിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കേണ്ടതും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-29 സമഗ്ര ശുചിത്വ പരിപാലന പദ്ധതി -നിഷ്ക്രിയവാസ്ഥയിൽ-വിശദീകരണം ആവശ്യപ്പെടുന്നു.

പ്രോജക്ട് നം.161/19

ധനകാര്യകമ്മീഷൻ ഗ്രാന്റ്-875000

സംസ്ഥാനാവിഷ്കൃതം- 374000

ആകെ 1249000

ചെലവ്- 509732

സമഗ്ര ശുചിത്വ പരിപാലന പദ്ധതി പഞ്ചായത്തിൽ പൂർണ്ണമായി നടപ്പിലാക്കുന്നതിനാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധ സ്ഥാപനങ്ങൾക്ക് മിനി എം.സി.എഫുകൾ ക്വട്ടേഷൻ മുഖാന്തിരം വാങ്ങി നല്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ നേരിട്ട് നടത്തുന്നതിനുമാണ് ടി പ്രവർത്തികൊണ്ട് ഉദ്ദേശിക്കുന്നത്.പഞ്ചായത്ത് പ്രദേശത്ത് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് ,പൊതു സ്വകാര്യ പരിപാടികൾ,സത്ക്കാരങ്ങൾ എന്നിവയിൽ ഡിസ്പോസിബിൾ ഉപയോഗം നിരോധിക്കുകയും പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ ലഭ്യമാക്കുന്നതിന് ഹരിതകർമ്മ സേന മുഖേന സാഹചര്യ സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. എല്ലാ അനുബന്ധ സ്ഥാപനങ്ങളും കണിശമായ മാലിന്യ പരിപാലന സംവിധാനം പാലിക്കുന്നതിന് വൈദഗ്ദ്യം നേടിയിരിക്കണം, പ്ലാസ്റ്റിക് കാരിബാഗുകളുടെ ഉപയോഗം പൂർണ്ണമായി നിയന്ത്രിക്കുന്നതിന് തുണിസഞ്ചികൾ ഉപയോഗിക്കുന്ന രീതി ശീലിപ്പിക്കുകയും മാലിന്യം തരംതിരിച്ച് എം.സി.എഫ് വഴി മാത്രം നിർമ്മാർജ്ജനം ചെയ്യുന്നതിനും അത്യന്തികമായി ലക്ഷ്യമിടുന്നു. നിലവിലുള്ള മാലിന്യ പരിപാലന പരിസ്ഥിതി സൗഹൃദ നിയമങ്ങളും ചട്ടങ്ങളും പ്രാവർത്തിക മാക്കുന്നതിന് പൊതുജനങ്ങളെ നിർബന്ധിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുക വഴി മാലിന്യ രഹിത സൗഹൃദ ഗ്രാമപഞ്ചായത്ത് ഭാവിതലമുറയ്ക്ക് സംഭാവന ചെയ്യുന്നതിനും ടി പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 509732/- രൂപ ചെലവഴിച്ചിട്ടുണ്ട്.ടി പ്രോജക്ട് വഴി നടത്താനുദ്ദേശിച്ചിരുന്ന പദ്ധതികളുടെ സാമ്പത്തിക വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തന ഇനം | ഫണ്ട് -ധനകാര്യ കമ്മിഷൻ ഗ്രാന്റ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 1 | ലഘുലേഖ അച്ചടി | 125000 | 0 | 125000 |
| 2 | ബെയിലിംഗ് മെഷീൻ | 150000 | 0 | 150000 |
| 3 | ഓഫീസുകളിൽ ബിന്നുകൾ സ്ഥാപിക്കൽ | 0 | 120000 | 120000 |
| 4 | സ്ഥാപനങ്ങളിൽ മിനി എം. സി.എഫ് സ്ഥാപിക്കൽ | 0 | 250000 | 250000 |
| 5 | ഇൻഫർമേഷൻബോർഡുകൾസ്ഥാപിക്കൽ | 60000 | 0 | 60000 |
| 6 | പരിശീലന പരിപാടികൾ | 80000 | 0 | 80000 |
| 7 | ഹരിത കർമ്മസേനയ്ക്ക് യൂണിഫോം, മറ്റ് സാമഗ്രികൾ | 60000 | 4000 | 64000 |
| 8 | മെറ്റീരിയലുകൾ എം.സി.എഫിൽ എത്തിക്കാനുള്ള വാഹന വാടക | 50000 | 0 | 50000 |
| 9 | എം.സി.എഫ് പരിപാലന ചെലവ് | 91000 | 0 | 91000 |
| 10 | തുണി സഞ്ചി വിതരണം | 100000 | 0 | 100000 |
| 11 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള പാത്രങ്ങൾ വാങ്ങൽ | 159000 | 0 | 159000 |

| ആകെ | 875000 | 374000 | 1249000 |
|---|---|---|---|

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ചെലവഴിച്ച പദ്ധതി പണത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.ബിൽ നം.16/28.2.19=27000

2.ബിൽ നം.17/11.3.19=63900

3.ബിൽ നം.18/11.3.19=72500

4.ബിൽ നം.19/11.3.19=47250

5.ബിൽ നം.22/11.3.19=31872

6.ബിൽ നം.24/20.3.19=91920

7.ബിൽ നം.25/20.3.19=63000

8.ബിൽ നം.26/21.3.19=100000

9.ബിൽ നം.27/21.3.19=12290

മേൽ ബില്ലുകൾ എല്ലാം കൂടി 509732/- രൂപ പദ്ധതി പണം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 16 വാർഡുകളിൽ നിന്നുമായി 32 പേരടങ്ങുന്ന ഹരിതകർമ്മസേനയെ തെരഞ്ഞെടുക്കുകയും ഇവർക്ക് 5 ദിവസ്സങ്ങളിലായി ( 20.2.19,21.2.19,6.3.19,7.3.19,16.3.19 )പരിശീലനം നല്കുകയും ചെയ്തിട്ടുണ്ട്. പരിശീലനം നല്കിയ ഹരിത കേരള മിഷൻ ഫാക്കൽറ്റികൾക്ക് ഹോണറേറിയം,പരിശീലത്തിൽ പങ്കെടുത്ത ഹരിതകർമ്മസേനാംഗങ്ങൾക്ക് ഭക്ഷണം,ചായ,ലഘുകടി എന്നിവയുടെ ചെലവിനത്തിൽ 71162/- രൂപ ചെലവഴിച്ചിട്ടുണ്ട്.( ബിൽ നം.16,22,27 ).ബിൽ നം.17/11.3.19 പ്രകാരം പിൻവലിച്ച 63900/- രൂപ ഉപയോഗിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് സാരി,ചുരിദാർ,ബ്ലൗസ്,കോട്ട്,ഗ്ലൗസ് എന്നിവ വാങ്ങി നല്കിയ വകയിലും ചെലവഴിച്ചിരിക്കുന്നു.ബിൽ നം.18/11.3.19,19/11.3.19 എന്നിവ പ്രകാരം പിൻവലിച്ച 119750/- ( 72500+47250 ) ക്വട്ടേഷൻ മുഖേന SANTEK,VADAVANNUR ൽ നിന്നും 40 ( 25 ചെറുതും 15 വലുതും) എണ്ണം ബിന്നുകൾ വാങ്ങിയത് ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസുകൾക്കായി ആകെ 24 എണ്ണം മാത്രം വിതരണം ചെയ്യുകയും ബാക്കി 16 എണ്ണം ബിന്നുകൾ വിതരണം ചെയ്യാതെ കുടുംബശ്രീ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായും കണ്ടു.ബിൽ നം.24/20.3.19,25/20.3.19 എന്നിവ പ്രകാരം പിൻവലിച്ച പദ്ധതി പണം ഉപയോഗിച്ച് ക്വട്ടേഷൻ മുഖേന SALI & ASSOCIATES ,VADAKKENCHERY എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റീൽ ഗ്ലാസുകളും സ്റ്റീൽ പ്ലേറ്റുകളും,സ്പൂണുകളും സ്റ്റീൽ കെറ്റിലുകളും സ്റ്റീൽ ട്രെ എന്നിവ വാങ്ങി വിതരണം ചെയ്യാതെ കുടുംബശ്രീ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി 25.11.19 ൽ സ്ഥല പരിശോധന നടത്തിയതിൽ കണ്ടു.വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.പദ്ധതി വിഭാവനം ചെയ്ത പ്രകാരം സ്ഥാപനങ്ങൾക്ക് പാത്രങ്ങൾ വിതരണം ചെയ്യാതെ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിതരണം ചെയ്യാതെ കുടുംബശ്രീ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്ന പാത്രങ്ങളും ബിന്നുകളും


A4 70




മേൽ മേൽ ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.





| ക്രമ നം. | ബിൽ നമ്പരും തുകയും | വാങ്ങിയ സാധനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|---|
| 1 | 24/20.3.19= 91920 | സ്റ്റീൽ പ്ലേറ്റ് | 500 | 154 | 77000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | | സ്റ്റീൽ കെറ്റിൽ | 4 | 3250 | 13000 |
| 3 | | സ്റ്റീൽ ട്രെ | 4 | 480 | 1920 |
| 4 | 25/20.3.19=63000 | സ്റ്റീൽ ഗ്ലാസ്സ് 100ml | 500 | 23 | 11500 |
| 5 | | സ്റ്റീൽ ഗ്ലാസ്സ് 200ml | 500 | 28 | 14000 |
| | | സ്റ്റീൽ ഗ്ലാസ്സ് 250ml | 500 | 39 | 19500 |
| | | ചെറിയ കപ്പ് | 200 | 23 | 4600 |
| | | സ്റ്റീൽ സ്പൂൺ | 200 | 13 | 2600 |
| | | സ്റ്റീൽ കെറ്റിൽ | 4 | 2700 | 10800 |
| | 154920 | | | | 154920 |

ബിൽ നം.26/21.3.19 പ്രകാരം പിൻവലിച്ച 100000/- രൂപ ഉപയോഗിച്ച് 5000/- തുണിസഞ്ചികൾ ഒന്നിന് 20/- രൂപ നിരക്കിൽ വാങ്ങി ഗ്രാമപഞ്ചായത്തിലെ നിവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

<u>കാര്യക്ഷമമായ മാലിന്യ സംസ്കരണം സംവിധാനം ഉറപ്പാക്കേണ്ടതാണ്</u>

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219A മുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാംന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ചെയ്തു.പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യം സംസ്കരണത്തിനായി സുസ്ഥിര സംവിധാനങ്ങളൊന്നും നിലവിലില്ല. മാലിന്യ സംസ്കരണത്തിനായി സ്ഥലമോ പ്ലാന്റോ ഇല്ല. തെരുവുകളിൽ നിന്നും സ്ഥിരമായി മാലിന്യ നീക്കം നടത്തുന്നതിന് ജീവനക്കാരില്ലാത്തതിനാൽ മാലിന്യ നീക്കം നടത്തുന്നില്ല.

<u>പ്രധാന പ്രവർത്തനങ്ങൾ</u>

വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം 2018-19 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിലുള്ള കെട്ടിടത്തിൽ എം.സി.എഫിന് സൗകര്യം ഒരുക്കൽ എന്നപ്രൊജക്റ്റ് ആവിഷ്കരിക്കുകയും (നം.166/19) ധനകാര്യ കമ്മീഷൻ ഗ്രാന്റ് 500000 ലക്ഷവും ശുചിത്വ മിഷൻ ഫണ്ട് 180000 രൂപയും കൂടി ആകെ 680000/-വകയിരുത്തി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തൻവർഷം 92332/- രൂപയുടെ ചെലവ് മാത്രമാണ് നടന്നിട്ടുള്ളത് .ബാക്കി തുക 2019-20 വർഷത്തിൽ നല്കിയിട്ടുണ്ട്.എം.സി.എഫ് കെട്ടിടത്തിന്റെ ചിത്രം താഴെ കൊടുക്കുന്നു.




<u>ഹരിതകർമ്മസേന</u>

36 വനിതകൾ ഉൾപ്പെടുന്ന ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും ഫെസിലിറ്റി സെന്ററിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റ് തുടർ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല.

പഞ്ചായത്ത് ആവിഷ്കരിച്ച സമഗ്ര ശുചിത്വ പദ്ധതി 5000 തുണി സഞ്ചികൾ വാങ്ങുകയും രണ്ടെണ്ണം വീതം എല്ലാ വീടുകൾക്കും കടകൾക്കും വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ മാലിന്യ ശേഖരണം കാര്യമായി നടന്നിട്ടില്ല.

മാലിന്യം ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഹരിത കർമ്മ സേനയ്ക്ക് യൂണിഫോം, ഐഡൻഡിറ്റി കാർഡ്, കയ്യുറ എന്നിവ സമഗ്ര ശുചിത്വ പദ്ധതി മുഖേന നൽകിയിട്ടുണ്ട്.

<u>പ്ലാസ്റ്റിക് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം</u>

നിലവിൽ മാലിന്യം ശേഖരിക്കുകയോ നിർമ്മാർജ്ജനം ചെയ്യുകയോ ചെയ്യുന്നില്ല. മുൻപ് നാമമാത്രമായി ശേഖരിച്ച മാലിന്യം എം.സി.എഫ്.സെന്ററിൽ കൂട്ടിയിട്ടിരിക്കുന്നുണ്ട്. ഷ്രെഡ്ഡിംഗ് നടത്തുന്നതിനുള്ള മെഷീൻ നിലവിലില്ല. മറ്റ് രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുത്തിട്ടില്ല. ഈ വിഷയത്തിൽ ക്ലീൻ കേരള കമ്പനിയുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

<u>പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 പ്രകാരമുള്ള നടപടികൾ</u>

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശാനുസരണം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കടകൾക്ക് നോട്ടീസ് നൽകിയതിന്റേയോ ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചിട്ടില്ല. ഇതിനായി ഗ്രാമപഞ്ചായത്ത് ബൈലോ രൂപീകരിച്ചിട്ടില്ല

ഡി&ഒ ലൈസൻസ് നൽകുമ്പോൾ വ്യാപാര സ്ഥാപങ്ങളിൽ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.ആയതിലേക്ക് സ.ഉ(സാധ) നം.2511/2017/തസ്വഭവ തിയ്യതി 22.7.2017 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

<u>വികേന്ദ്രീകൃത മാലിന്യ സംസ്കരണം</u>

വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് എന്നിവയ്ക്ക് സബ്സിഡി അനുവദിച്ച് കൊണ്ട് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

*.സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*.ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കയ്യൊഴിക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകേണ്ടതാണ്.

*.വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

*.വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

*.പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*.പഞ്ചായത്ത് രാജ് നിയമ പ്രകാരമുള്ള മറ്റ് നടപടികളും കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഈ വിഷയത്തിലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 ടി.ഡി.എസ്.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

നിർവ്വഹണം-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എെ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. താഴെ സൂചിപ്പിക്കുന്ന അങ്കണവായി പോഷകാഹാര വിതരണ പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കി ഒടുക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതിലേക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 4/20.11.2019) മറുപടി ലഭിച്ചിട്ടില്ല. മാത്രമല്ല പോഷകാഹാരം സപ്ലൈ ചെയ്ത സ്ഥാപനം ( അനുഗ്രഹ & ലക്ഷമി,പെരുവെമ്പ് ) ജി.എസ്.ടി ഒടുക്കിയതിനും രേഖകൾ ഇല്ല.

| ക്രമ നം. | പ്രോജക്ട് | ബിൽ നമ്പർ/<br>ചെക്ക് നമ്പരും തിയ്യതിയും | തുക |
|---|---|---|---|
| 1 | 80/19 | ബിൽ നം.6/29.11.18 | 162665 |
| | | ബിൽ നം.15/22.9.19 | 75349 |
| 2 | ടി | ചെക്ക് നം. 2279461/ 25.2.19 | 339547 |
| | | ചെക്ക്.നം.2279472/21.3.19 | 398325 |

സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-31 മരാമത്തു പ്രവൃത്തികൾ പൊതു അവലോകനം

തൻ വർഷം ആകെ വകയിരുത്തിയ തുകയുടെ 60.39% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2018-19 വർഷം സ്പിൽ ഓവർ ഉൾപ്പെടെ അംഗീകാരം വാങ്ങിയ 82 പ്രൊജക്ററുകളിൽ 62 എണ്ണം നടപ്പിലായിട്ടുണ്ട്.

2. പൊതു അപാകതകൾ

- ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്റർ - രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. തീരുമാനം പകർപ്പ് ടെണ്ടർ ഫയലിലും സൂക്ഷിക്കുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്റർ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിനു ശേഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള നോട്ടീസിൽ വിവരങ്ങൾ ചേർത്തിരിക്കുന്നത് പൂർണ്ണമല്ല. തീയതികൾ തെറ്റായി ചേർത്തിരിക്കുന്നു. യഥാർത്ഥത്തിൽ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് രേഖാമൂലം നൽകുന്നില്ല.

- ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ കരാറുകാർ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ/ പകർപ്പ് ബില്ലുകൾ വെച്ചിട്ടില്ല.
- അളവുപുസ്തകത്തിലോ ഫയലിലോ ടാറിന്റെ adequacy, വിനിയോഗം എന്നിവ കണക്കാക്കി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോഴും എഗ്രിമെന്റ് കാലാവധിക്കു ശേഷം പൂർത്തീകരണത്തീയതി നീട്ടി നൽകുമ്പോഴും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- ഇ ടെണ്ടറുകളുടെ മുഴുവൻ രേഖകളും വർക്ക് ഫയലിൽ സൂക്ഷിക്കുന്നില്ല.
- പദ്ധതി പ്രദേശത്ത് Name Board വെയ്ക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ വെയ്ക്കുകയോ ചെയ്യുന്നില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

ഓഡിറ്റ് വർഷത്തെ പ്രവൃത്തികളിൽ വ്യത്യസ്ത കാരണങ്ങളാൽ 2 എണ്ണം പൂർണ്ണമായും ഒരെണ്ണം ഭാഗികമായും ഉപേക്ഷിച്ചിട്ടുണ്ട്.

സ്ഥലലഭ്യത ഉറപ്പുവരുത്തൽ മുതലായ ആസൂത്രണത്തിലെ പാളിച്ചകൾ ഒഴിവാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (17/27.11.19) അപാകതകൾ പരിഹരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

# 1-32 കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്)

ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ, പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല . കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി,പി.എ.സി ബിൽനം./തീയതി | ടെണ്ടർ / അംഗീകരിച്ച തീയതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) ₹. |
|---|---|---|---|---|
| 1. | കെ.സി. പറമ്പ് റോഡ് (20/19), 258018/-, 20/28.11.18-259834/- | 12.06.18 22.06.18 | 12.07.18 കെ. പ്രസാദ് | 2598 |
| 2. | ചാളക്കൽ മഠത്തിൽക്കളം ,തോട്ടങ്കരക്കളം അങ്കണവാടികൾ അറ്റകുറ്റപ്പണി(152/19), 303720/-, 59/8.3.19-319544/- | 29.9.18 24.10.18 | 22.11.18 വി.ഗണേശൻ | 3195 |
| 3. | കാഞ്ഞിരപ്പറമ്പ് ചാമപ്പറമ്പ് റോഡ് ( 39/19), 237518/-, 48/26.2.19-250000/- | 12.6.18 22.6.18 | 17.7.18 വി.ഗണേശൻ | 2375 |
| 4. | വെഹിക്കിൾ പാർക്ക് നിർമ്മാണം(150/19), 112962/-, 37/30.1.19-99972/- | 29.9.18 26.10.18 | 22.11.18 എൻ. സേതുമാധവൻ | 1130 |
| 5. | പഞ്ചായത്ത് കോൺഫ്രൻസ് ഹാൾ സ്റ്റെയർകേസ് നിർമ്മാണം(151/19), 149679, 58/8.3.19-151674/- | 29.9.18 26.10.18 | 22.11.18 എൻ. സേതുമാധവൻ | 1497 |
| | | | | |

| | | | | |
|---|---|---|---|---|
